# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3322 — 29-01-2014 ൽ മറുപടിയ്ക്ക്

## നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സമഗ്രമായ പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിനായി താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ 2013-2014 വർഷം നടപ്പിലാക്കി വരുന്നു.<br>1. സുസ്ഥിര നെൽകൃഷി വികസനം<br>2. വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3. കരനെൽകൃഷി വികസനം<br>4. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം.<br>5. പി.പി.പി.എസ്.ആർ.ഐ പദ്ധതി<br><br>2013-2014 വർഷം തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി ആകെ 641.6075 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയനുസരിച്ച് 260 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. നെൽ കർഷകർക്ക് ഉല്പാദന ബോണസ് നൽകുന്നതിനായി 1130.4 ലക്ഷം വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസന പദ്ധതിയിൽ 860 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ, എറണാകുളം, തൃശ്ശൂർ |

| | | | |
|---|---|---|---|
| | | | എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 86 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ വികസനത്തിനായി 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | കുട്ടനാട്ടും പാലക്കാട്ടും കേന്ദ്രീകരിച്ച് ഇത്തരത്തിൽ സമഗ്രമായ ഒരു പാക്കേജിന് സർക്കാർ രൂപം നൽകുമോ; | (ബി) | കുട്ടനാട് കേന്ദ്രീകരിച്ച് കുട്ടനാട് പാക്കേജ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പ്രദേശത്തെ നെൽകൃഷി അഭിവൃദ്ധിക്കായി തരിശുഭൂമി കൃഷി, ജലസേചന സൗകര്യങ്ങൾ, കാർഷിക യന്ത്രവല്ക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ല കേന്ദ്രീകരിച്ച് പാക്കേജ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ മാത്രമായി നടപ്പിലാക്കി വരുന്നു. |
| (സി) | ഇപ്രകാരം ഉല്പാദിക്കപ്പെടുന്ന നെല്ല് സർക്കാർ നേരിട്ട് സംഭരിക്കുന്നതിനും അരിയാക്കി വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഇപ്രകാരം ഉല്പാദിപ്പിക്കപ്പെടുന്ന നെല്ല് കേരളത്തിലെ 14 ജില്ലകളിലും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സംഭരിച്ച് , കിലോയ്ക്ക് 18 രൂപ നിരക്കിൽ അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ